12353
22/11/14

**കേരള സർക്കാർ**

സംഗ്രഹം

ജലവിഭവ വകുപ്പ് -കാഡ –ജീവനക്കാര്യം- ശ്രീമതി. ലിൻസി. ടി. എലിസബത്ത്, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I (സിവിൽ), തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് - കാഡയിലേക്കുള്ള അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (കാഡ) വകുപ്പ്**

സ.ഉ. (സാധാ) നം.1101/2014/ജലവിവ. തീയതി, തിരുവനന്തപുരം, **20.11.2014.**

---

പരാമർശം: (1) 27.06.2013 തീയതിയിലെ സ.ഉ. (സാധാ) നം.739/13/ജലവിവ ഉത്തരവ്.

(2) തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.06.2014 തീയതിയിലെ 4510/ബി2/2013/സി.ഇ. നമ്പർ കത്ത്.

(3) കാഡ അഡ്മിനിസ്ട്രേറ്ററുടെ 03.07.2014, 29.08.2014 തീയതികളിലെ 1007/എ 4/2013/കാഡ നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം (1) പ്രകാരം തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിലെ ഒന്നാം ഗ്രേഡ് ഓവർസീയർ ആയിരുന്ന ശ്രീമതി. ലിൻസി. ടി. എലിസബത്തിന് കാഡയിലെ അടൂർ കാഡ സബ് ഡിവിഷൻ നമ്പർ I ഓഫീസിലെ ഓവർസീയർ ആയി അന്യത്രസേവനം അനുവദിച്ച് ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം ശ്രീമതി. ലിൻസി. ടി. എലിസബത്ത് ടിയാളുടെ അന്യത്രസേവന കാലം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയതായും ആയതിന് അനുമതി നൽകാവുന്നതാണെന്നും കാഡ അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം ശ്രീമതി. ലിൻസി. ടി. എലിസബത്തിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിക്കുന്നതിന് തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നിരാക്ഷേപപത്രവും നൽകിയിട്ടുണ്ട്.

കാഡ അഡ്മിനിസ്ട്രേറ്ററുടെ പരാമർശ കത്തിലെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. കാഡയിലെ അടൂർ സബ് ഡിവിഷൻ ഓഫീസ്-I ൽ ഓവർസീയർ തസ്തികയിൽ ജോലി ചെയ്തുവരുന്ന ശ്രീമതി. ലിൻസി. ടി. എലിസബത്തിന്റെ അന്യത്രസേവന കാലയളവ് 25.07.2014 മുതൽ 24.07.2015 വരെ ഒരു വർഷക്കാലയളവിലേക്കുകൂടി (രണ്ടാം തവണ) അന്യത്രസേവനത്തിന്റെ നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
കെ. പി. ചന്ദ്രപ്രകാശ്,
അഡീഷണൽ സെക്രട്ടറി.

അഡ്മിനിസ്ട്രേറ്റർ, കാഡ, പ്രൊജക്ട് ഹെഡ്ക്വാർട്ടേഴ്സ്, ചെമ്പുക്കാവ്, തൃശൂർ.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. ലിൻസി. ടി. എലിസബത്ത്, ഓവർസീയർ, കാഡ സബ് ഡിവിഷൻ നമ്പർ-I, അടൂർ.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാഡ ഡിവിഷൻ, അടൂർ.
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, നിയമസഭാ സമുച്ചയം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (07.10.2014 ലെ 82124/AW.A1/14/Fin നമ്പർ അഭിപ്രായ പ്രകാരം).
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ഈ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.